**340**

1 പരിശുദ്ധൻ മഹോന്നതദേവൻ പരമെങ്ങും വിളങ്ങും മഹേശൻ
സ്വർഗ്ഗീയ സൈന്യങ്ങൾ വാഴ്ത്തി സ്തുതിക്കുന്ന
സ്വർലോകനാഥനാം മശിഹാ ആഹാ ഹാ ഹാല്ലേലുയ്യാ-

2 അവനത്ഭുതമന്ത്രിയാം ദൈവം നിത്യതാതനും വീരനാം ദൈവം
ഉന്നതദേവൻ നീതിയിൻ സൂര്യൻ
രാജാധിരാജനാം മശിഹാ ആഹാ ഹാ ഹാല്ലേലുയ്യാ-

3 കോടാകോടിതൻ ദൂതസൈന്യവുമായ്
മേഘാരൂഢനായ് വരുന്നിതാ വിരവിൽ
തൻപ്രിയസുതരെ തന്നോടു ചേർപ്പാൻ
വേഗം വരുന്നേശു മശിഹാ ആഹാ ഹാ ഹാല്ലേലുയ്യാ- **B.V.**